# സൂറ – 27 / അന്നംല്

## സൂക്തം: 86 – 88

കാഹളം മുഴക്കുന്നത് ആരായിരിക്കുമെന്ന് ഖുർആൻ പറയുന്നില്ല. എങ്കിലും അതിനു ചുമതലപ്പെട്ട മലക്ക് ഇസ്രാഫീൽ ആണെന്നു ചില നിവേദനങ്ങൾ പറയുന്നു. രണ്ടു വട്ടം കാഹളം മുഴങ്ങും. ഒന്നാമത്തെ മുഴക്കത്താൽ സൃഷ്ടികളെല്ലാം ഭയവിഹ്വലരായി മരിച്ചുവീഴുന്നു. നീണ്ട ഇടവേളക്കു ശേഷമായിരിക്കും രണ്ടാമത്തെ കാഹളമുഴക്കം. ഈ ഇടവേളയിൽ ആദ്യത്തെ മുഴക്കത്തെത്തുടർന്ന് ഭയന്നു മരിക്കുന്നതിൽനിന്ന് ഒഴിവാക്കപ്പെട്ടവർ സ്വാഭാവികമായി മരിച്ചുതീരും.



أَلَمْ يَرَوْا أَنَّا جَعَلْنَا اللَّيْلَ لِيَسْكُنُوا فِيهِ وَالنَّهَارَ
مُبْصِرًا ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يُؤْمِنُونَ ﴿٨٦﴾

86\. ജനം ശാന്തി നുകർന്ന് ഉറങ്ങാൻ പാകത്തിൽ രാവിനെ നാം ഇരുട്ടുള്ളതും പ്രവർത്തനനിരതരാവാൻ പാകത്തിൽ പകലിനെ വെളിച്ചമുള്ളതും ആക്കി നാം സൃഷ്ടിച്ചത് അവർ കാണുന്നില്ലയോ? സത്യം കൈക്കൊള്ളണമെന്നുള്ളവർക്ക് തീർച്ചയായും ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

**86**

أَلَمْ يَرَوْا = അവർ കാണുന്നില്ലയോ أَنَّا جَعَلْنَا = നാം ആക്കിയ(ക്കി സൃഷ്ടിച്ച)ത് اللَّيْلَ = രാവിനെ (ഇരുട്ടുള്ളതും)
لِيَسْكُنُوا فِيهِ = (ശാന്തി നുകർന്ന് ഉറങ്ങാൻ പാകത്തിൽ) അതിൽ അവർ ശാന്തികൊള്ളാൻ
وَالنَّهَارَ مُبْصِرًا = (വെളിച്ചമുള്ളതും) കാണുന്നതു (അവർ പ്രവർത്തനനിരതരാകാൻ പാകത്തിൽ) പകലിനെ
إِنَّ فِي ذَٰلِكَ = തീർച്ചയായും ഇതിൽ ഉണ്ട് لَآيَاتٍ = പല ദൃഷ്ടാന്തങ്ങൾ
لِّقَوْمٍ يُؤْمِنُونَ = ജനത്തിന് (സത്യം കൈക്കൊള്ളണമെന്നുള്ള) വിശ്വസിക്കുന്ന

അറബി ഭാഷയുടെ സുപരിചിത ശൈലിയനുസരിച്ച് ഈ സൂക്തത്തിലെ اللَّيْلَ -നു ശേഷം مُظْلِمًا എന്നും مُبْصِرًا -നു ശേഷം لِتَعْمَلُوا എന്നും അല്ലെങ്കിൽ അതേ അർഥത്തിലുള്ള മറ്റേതെങ്കിലും പദങ്ങൾ അനുക്തമായിട്ടുണ്ട്. അടക്കവും ശാന്തികൊള്ളലും അടങ്ങിയൊതുങ്ങി സമാധാനത്തോടെ വസിക്കലുമാണ് سَكَن. ശാന്തിയടഞ്ഞ് നിദ്ര കൊള്ളാൻ രാവിനെ ഇരുണ്ടതാക്കി എന്നാണ് - جَعَلْنَا اللَّيْلَ لِيَسْكُنُوا-ന്റെ ആശയം. وَالنَّهَارَ مُبْصِرًا എന്നാൽ പകലിനെ സുഗമമായി ജോലി ചെയ്യാൻ സൗകര്യപ്പെടുന്നതിന് വെളിച്ചമുള്ളതാക്കിത്തന്നു എന്നും. يُؤْمِنُونَ എന്നു പറഞ്ഞിരിക്കുന്നത് വിശ്വസിക്കാൻ ഉദ്ദേശിക്കുന്നവർ എന്ന അർഥത്തിലാണ്.

വചനതാൽപര്യമിതാണ്: മുൻസൂക്തങ്ങൾ പരാമർശിച്ച ദൈവിക സൂക്തങ്ങളെയും അത് ഓതിക്കേൾപ്പിക്കുന്ന പ്രവാചകനെയും അത് പ്രവചിക്കുന്ന ഉയിർത്തെഴുന്നേൽപിനെയും രക്ഷാശിക്ഷകളെയുമെല്ലാം വിശ്വസിക്കണമെന്നുള്ളവർ അവയെ സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾക്കു വേണ്ടി എവിടെയും പോകേണ്ടതില്ല. സൃഷ്ടികൾ നിത്യജീവിതത്തിൽ നിതാന്തമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന രാപ്പകലുകൾ തന്നെ അതിനു മതിയായ തെളിവാകുന്നു. ദിനംതോറും ഉളവായിക്കൊണ്ടിരിക്കുന്ന ഈ മഹാശക്തിയും ആസൂത്രണവും അവർ കാണുന്നില്ലേ? രാവിനെ നാം വെളിച്ചമില്ലാത്ത ശാന്തിപൂർണമായ വേളയാക്കി രചിച്ചിരിക്കുന്നു; ആ സമയത്ത് മനുഷ്യർക്ക് ശാന്തിയും സൗഖ്യവും ലഭിക്കാൻ. രാത്രിക്കു ശേഷം അവർ കർമനിരതരാവാൻ പകലിനെ പ്രകാശപൂരിതമാക്കുകയും ചെയ്തിരിക്കുന്നു. സത്യം കണ്ടെത്തണമെന്നും ഉൾക്കൊള്ളണമെന്നും ആഗ്രഹിക്കുന്ന ജനങ്ങൾക്ക് ഈയൊരു പ്രതിഭാസത്തിൽതന്നെ ഒന്നല്ല; എത്രയോ ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയും.

രാപ്പകലുകൾ പരസ്പരവിരുദ്ധമായതോടൊപ്പം തന്നെ അവയുടെ ഗമനാഗമനങ്ങളിലുള്ള രഞ്ജിപ്പും കൃത്യതയും അതുമൂലം സൃഷ്ടികൾക്ക് ലഭിക്കുന്ന പ്രയോജനങ്ങളും പ്രപഞ്ചസ്രഷ്ടാവിന്റെ കഴിവും യുക്തിയും സംവിധാന വൈഭവവും സൃഷ്ടികളുടെ പുനരുത്ഥാനവുമെല്ലാം വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളായി ഖുർആൻ പല സ്ഥലങ്ങളിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇവിടെ ആയാത്ത്- ദൃഷ്ടാന്തങ്ങൾ- കൊണ്ട് സവിശേഷം സൂചിപ്പിക്കുന്നത് സൃഷ്ടികളുടെ മരണാനന്തര ഉയിർപ്പിനെയും വിചാരണയെയുമാണ്. രാപ്പകലുകൾ ഉളവാക്കാനും ഇല്ലാതാക്കാനും കഴിവുള്ള സ്രഷ്ടാവിന് ജീവികളെ മൃതമാക്കുകയും മൃതമായതിനെ ജീവനുള്ളതാക്കുകയും ചെയ്യുക

ഏറെ അനായാസമാണല്ലോ. ഓരോ രാത്രിയും നിങ്ങൾ ഗാഢനിദ്രയിലാണ്ടു പോകുന്നു. പ്രഭാതത്തിൽ സോന്മേഷം എഴുന്നേൽക്കുകയും ചെയ്യുന്നു. അതേപ്രകാരം ഒരുനാൾ നിങ്ങൾ അന്ത്യനിദ്രയിൽ ലയിക്കുന്നു. അനന്തരം ഉണർന്നെഴുന്നേൽക്കുന്ന ഒരു സമയം സമാഗതമാകുന്നു. ഓരോ 24 മണിക്കൂർ കൂടുമ്പോഴും ദൈവം ഉയിർത്തെഴുന്നേൽപിന്റെ അടയാളം നിങ്ങളെ കാണിച്ചുകൊണ്ടിരിക്കുകയാണ്.

ഉണർന്നെഴുന്നേൽക്കുമ്പോൾ സൂറ *അൽ ഫുർഖാനി*ലെ وَهُوَ الَّذِي جَعَلَ لَكُمُ اللَّيْلَ لِبَاسًا وَالنَّوْمَ سُبَاتًا وَجَعَلَ النَّهَارَ نُشُورًا ﴿٤٧﴾ (അവനാകുന്നു നിങ്ങൾക്ക് രാവിനെ വസ്ത്രവും നിദ്രയെ വിശ്രാന്തിയും പകലിനെ ഉന്മേഷവേളയുമാക്കിത്തന്നത്) എന്ന 47-ാം സൂക്തം ചൊല്ലാൻ നബി(സ) ഉപദേശിച്ചതായി ഉദ്ധരിക്കപ്പെടുന്നു. ഈ പ്രാർഥന ഉയിർത്തെഴുന്നേൽപിന്റെ ഒരനുസ്മരണമാകുന്നു. ■

---

وَيَوْمَ يُنفَخُ فِي الصُّورِ فَفَزِعَ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ إِلَّا مَن شَاءَ اللَّهُ وَكُلٌّ أَتَوْهُ دَاخِرِينَ ﴿٨٧﴾

87. കാഹളത്തിൽ ഊതപ്പെടുന്ന നാൾ ഓർക്കുക! അന്ന് ആകാശഭൂമികളിലുള്ളവരൊക്കെയും ഭയവിഹ്വലരാകുന്നു- ആ വിഹ്വലതയിൽനിന്ന് മുക്തരാവണമെന്ന് അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ച്. എല്ലാവരും പതിതരായി അവന്റെ മുമ്പിലെത്തുന്നു.

**87**

وَيَوْمَ يُنفَخُ = ഊതപ്പെടുന്ന നാൾ (ഓർക്കുക)

فِي الصُّورِ = കൊമ്പിൽ, കാഹളത്തിൽ فَفَزِعَ = അപ്പോൾ (അന്ന്) ഭയവിഹ്വലരാ(കുന്നു)യി

مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ = ആകാശഭൂമികളിലുള്ളവർ (ഒക്കെയും) إِلَّا مَن شَاءَ اللَّهُ = അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ച്

وَكُلٌّ أَتَوْهُ = എല്ലാവരും അവന്റെയടുത്ത്(മുമ്പിൽ എത്തുന്നു) വരുന്ന دَاخِرِينَ = പതിതരായി, കീഴടങ്ങിയവരായി

കൊമ്പുവിളി -النَّفْخُ فِي الصُّورِ- നേരത്തേ 17:99, 20:107, 23:101 സൂക്തങ്ങൾ പരാമർശിച്ചിരിക്കുന്നു. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കൊടുത്തിട്ടുണ്ട്. ദൈവത്തെയും അവന്റെ ദൃഷ്ടാന്തങ്ങളെയും സൂക്തങ്ങളെയും തള്ളിക്കളയുന്നവരെ അന്ത്യനാളിന്റെ ഭയാനകതയെക്കുറിച്ച് ഉണർത്തുകയാണ്: ലോകാവസാനത്തിന്റെ കാഹളം മുഴങ്ങുമ്പോൾ വാനലോകത്തും ഭൂമിയിലുമുള്ളവരൊക്കെയും അത്യന്തം ഭയവിഹ്വലരാകുന്നു. മരണത്തിലേക്ക് നയിക്കുന്ന ഭയവിഭ്രാന്തിയാണ് فزع. അല്ലാഹു അഭയമരുളിയവർ മാത്രമേ ഈ ഭയത്തിൽനിന്ന് മുക്തരാകൂ. ജിബ്രീൽ, മീകാഈൽ, ഇസ്റാഫീൽ, അസ്റാഈൽ തുടങ്ങിയ മലക്കുകളായിരിക്കും ഭയമുക്തരാകുന്നതെന്ന് ചില നിവേദനങ്ങൾ പറയുന്നു. മറ്റു ചില നിവേദനങ്ങൾ പറയുന്നത് അന്ന് ഭയമുക്തരാകുന്നത് ധർമസമരത്തിൽ രക്തസാക്ഷികളായവരായിരിക്കും എന്നത്രെ. ഈ സൂക്തത്തിന്റെ അടുത്തതിനടുത്ത സൂക്തം തന്നെ ആരാണ് ഭയമുക്തരായിരിക്കുക എന്ന് വ്യക്തമാക്കിയിരിക്കെ ഇത്തരം നിവേദനങ്ങളുടെ പിമ്പേ പോകേണ്ട കാര്യമില്ല. അല്ലാഹുവിന്റെ സമീപസ്ഥരായ മലക്കുകളും രക്തസാക്ഷികളായ പുണ്യാത്മാക്കളും അന്ത്യനാളിന്റെ വിഹ്വലതകളിൽനിന്ന് മുക്തരായിരിക്കുമെന്നത് ശരിയാണ്. എന്നാൽ അവർ മാത്രമേ മുക്തരായിരിക്കൂ എന്ന് കരുതുന്നതിനോട് ഖുർആൻ യോജിക്കുന്നില്ല.

കാഹളം മുഴക്കുന്നത് ആരായിരിക്കുമെന്ന് ഖുർആൻ പറയുന്നില്ല. എങ്കിലും അതിനു ചുമതലപ്പെട്ട മലക്ക് ഇസ്രാഫീൽ ആണെന്നു ചില നിവേദനങ്ങൾ പറയുന്നു. രണ്ടു വട്ടം കാഹളം മുഴങ്ങും. ഒന്നാമത്തെ മുഴക്കത്താൽ സൃഷ്ടികളെല്ലാം ഭയവിഹ്വലരായി മരിച്ചുവീഴുന്നു. നീണ്ട ഇടവേളക്കു ശേഷമായിരിക്കും രണ്ടാമത്തെ കാഹളമുഴക്കം. ഈ ഇടവേളയിൽ ആദ്യത്തെ മുഴക്കത്തെത്തുടർന്ന് ഭയന്നു മരിക്കുന്നതിൽനിന്ന് ഒഴിവാക്കപ്പെട്ടവർ സ്വാഭാവികമായി മരിച്ചുതീരും. കാഹളം രണ്ടാമതു മുഴങ്ങുന്നതോടെ മരിച്ചവരെല്ലാവരും വിചാരണക്കായി ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നു. ഒന്നാമത്തെ കൊമ്പുവിളിയെ 39:68-ൽ وَنُفِخَ فِي الصُّورِ فَصَعِقَ مَن فِي السَّمَاوَاتِ وَمَن فِي الْأَرْضِ إِلَّا مَن شَاءَ اللَّهُ (കാഹളം മുഴക്കപ്പെട്ടാൽ വാനഭുവനങ്ങളിലുള്ളവരൊക്കെയും മരിച്ചുവീഴുന്നു- അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ച്) എന്ന് പരാമർശിച്ചിരിക്കുന്നു. ഈ പ്രഥമ മുഴക്കമാണ് പ്രകൃത സൂക്തവും പരാമർശിക്കുന്നത്. രണ്ടാമത്തെ മുഴക്കത്തെക്കുറിച്ച് 36:51-ൽ وَنُفِخَ فِي الصُّورِ فَإِذَا هُم مِّنَ الْأَجْدَاثِ إِلَىٰ رَبِّهِمْ يَنسِلُونَ (കാഹളത്തിൽ ഊതപ്പെട്ടാൽ മർത്യരൊക്കെയും അതാ ശവക്കുഴികളിൽനിന്നെഴുന്നേറ്റ് അവരുടെ വിധാതാവിങ്കലേക്ക് ദ്രുതഗതിയിൽ യാത്രയാകുന്നു) എന്നും പ്രസ്താവിച്ചിരിക്കുന്നു. وَكُلٌّ أَتَوْهُ دَاخِرِينَ എന്നതിലെ هُ (ഹു) കുറിക്കുന്നത് അല്ലാഹുവിനെയാണെന്ന് പൊതുവിൽ കരുതപ്പെടുന്നു. എളിമയും പതിത്വവുമാണ് دُخور. എളിയവരും പതിതരും دَاخِرِين. എല്ലാവരും -كُلّ- കൊണ്ടുദ്ദേശ്യം ഭയവിഹ്വലരായ എല്ലാവരുമാണ്. كُلّ -നു ശേഷം من فزع എന്ന വാക്ക് അനുക്തമാക്കിയിട്ടുള്ളതിനെ സൂചിപ്പിക്കുന്നതാണ്. كُلّ എന്നതിലെ تنوين (ൻ) എല്ലാവരും വിനീതവിധേയരായി അല്ലാഹുവിന്റെ മുന്നിൽ ഹാജരാകുന്നു എന്ന അർഥത്തിലെടുക്കുമ്പോൾ ഇത് രണ്ടാമത്തെ കൊമ്പുവിളിക്ക് ശേഷമുണ്ടാകുന്ന സംഭവമാണ്. ചില വ്യാഖ്യാതാക്കൾ أَتَوْهُ വിലെ هُ കുറിക്കുന്നത് ആദ്യത്തെ കൊമ്പുവിളിയുണ്ടാകുന്ന ദിവസത്തെയാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചവരൊഴിച്ചുള്ള എല്ലാവരും ആ ദിവസത്തെ ഭയവിഹ്വലതക്ക് നിസ്സഹായരായി വിധേയരാകുന്നു എന്ന് സാരം. ■

وَتَرَى الْجِبَالَ تَحْسَبُهَا جَامِدَةً وَهِيَ تَمُرُّ مَرَّ السَّحَابِ صُنْعَ اللَّهِ الَّذِي أَتْقَنَ كُلَّ شَيْءٍ إِنَّهُ خَبِيرٌ بِمَا تَفْعَلُونَ ﴿٨٨﴾

88. ഇന്നു നീ കാണുന്ന പർവതങ്ങൾ ഉറച്ചുനിൽക്കുന്നുവെന്നാണല്ലോ നീ കരുതുന്നത്. അന്നവ മേഘങ്ങളെന്നോണം ചരിച്ചുകൊണ്ടിരിക്കും. സകല വസ്തുക്കളെയും സുഭദ്രമാക്കിയ അല്ലാഹുവിന്റെ നിർമാണ വൈഭവം! നിങ്ങൾ എന്താണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്ന് അവൻ സൂക്ഷ്മമായറിയുന്നുണ്ട്.

**88**

وَتَرَى الْجِبَالَ = നീ പർവതങ്ങൾ കാണുന്നു (ഇന്നു നീ കാണുന്ന പർവതങ്ങൾ)

تَحْسَبُهَا = അതിനെ നീ കരുതുന്നു(ന്നത്) جَامِدَةً = ഉറച്ചതായി, മരവിച്ചതായി (ഉറച്ചു നിൽക്കുന്നതായി)

وَهِيَ تَمُرُّ = (അന്ന്) അവ ചരിച്ചുകൊണ്ടിരിക്കും مَرَّ السَّحَابِ = മേഘങ്ങളുടെ ചരിക്കൽ(ഘങ്ങൾ എന്നോണം)

صُنْعَ اللَّهِ = അല്ലാഹുവിന്റെ നിർമിതി(നിർമാണ വൈഭവം) الَّذِي أَتْقَنَ كُلَّ شَيْءٍ = എല്ലാ വസ്തുക്കളെയും സുഭദ്രമാക്കിയവനായ

إِنَّهُ خَبِيرٌ = തീർച്ചയായും അവൻ സൂക്ഷ്മ(മായറിയുന്നുണ്ട്) ജ്ഞനാകുന്നു

بِمَا تَفْعَلُونَ = നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കുറിച്ച്

അന്ത്യനാളിന്റെ ഭീകരത ഒന്നുകൂടി വിശദീകരിക്കുകയാണ്. സാധാരണ സൃഷ്ടികളുടെ കാര്യമിരിക്കട്ടെ, ആർക്കും ഇളക്കാനാവാത്ത വണ്ണം ഉറച്ചുനിൽക്കുന്നതായി നിങ്ങൾ കാണുന്ന ഈ മഹാ മേരുക്കളുണ്ടല്ലോ, അവ പോലും അന്ന് തകർന്നു പൊടിഞ്ഞ് ധൂളിമയമായി മേഘങ്ങൾ പോലെ അന്തരീക്ഷത്തിൽ ഒഴുകിനടക്കും. ഖുർആൻ നേരത്തേ 18:47-ൽ وَيَوْمَ نُسَيِّرُ الْجِبَالَ (പർവതങ്ങളെ നാം ഇളക്കിവിടുന്ന നാളിനെ ഓർത്തു കൊള്ളുക) എന്നും 20:105-107-ൽ
وَيَسْأَلُونَكَ عَنِ الْجِبَالِ فَقُلْ يَنسِفُهَا رَبِّي نَسْفًا ﴿١٠٥﴾ فَيَذَرُهَا قَاعًا صَفْصَفًا ﴿١٠٦﴾ لَّا تَرَىٰ فِيهَا عِوَجًا وَلَا أَمْتًا ﴿١٠٧﴾
(അന്നാളിൽ ഈ പർവതങ്ങളുടെ അവസ്ഥ എന്തായിരിക്കും എന്നുമവർ നിന്നോട് ചോദിക്കുന്നുവല്ലോ. പറയുക: എന്റെ നാഥൻ അവയെ ധൂളീകരിച്ചു പറത്തിക്കളയും. അങ്ങനെ ഭൂമിയെ നിരന്ന മൈതാനമാക്കി വിടുന്നു. അതിൽ നിംനോന്നതികളും വളവുതിരിവുകളും കാണുകയില്ല). കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ നോക്കുക. ഇനിയും പല സൂറകളിലും ഇക്കാര്യം ആവർത്തിക്കുന്നുണ്ട്.

നിർമാണവും രചനയുമാണ് صنع. തികവിനും ഭദ്രതക്കും നൈപുണിക്കുമൊക്ക اتقان എന്നു പറയും. അഗാധവും സൂക്ഷ്മവും സമഗ്രവുമായ ജ്ഞാനം اتقان العلم ആണ്. اتقن الصنع എന്നാൽ കൃത്യതയോടെ എല്ലാം തികഞ്ഞതും ഭദ്രവും സുന്ദരവുമായി നിർമിച്ചു. صنع الله എന്നത് صنعة الله പോലെയുള്ള ഒരു ശൈലിയാണ്. രചനയിലെ വൈദഗ്ധ്യത്തെയും പൂർണതയെയും ഭദ്രതയെയും സൗന്ദര്യത്തെയും സവിശേഷം സൂചിപ്പിക്കുന്നതാണീ ശൈലി. നിങ്ങൾ ഭൂമിയിൽ ഉറച്ചുനിൽക്കുന്നതായി കാണുന്ന മഹാ മേരുക്കളെ മേഘശകലങ്ങൾ പോലെ അന്തരീക്ഷത്തിൽ പാറിപ്പറന്നു നടക്കുന്നതായി കാണിക്കുന്നതാണ് അവന്റെ സൃഷ്ടിവൈഭവം എന്നാണ് താൽപര്യം. ഈ സന്ദർഭത്തിൽ إِنَّهُ خَبِيرٌ بِمَا تَفْعَلُونَ എന്ന വാക്യം ഗൗരവമേറിയ ഒരു താക്കീതാണ്. ഈവിധം അതിഭയാനകമായിരിക്കും വിചാരണാനാൾ. അന്ന് വിചാരണ ചെയ്യുന്നതോ നിങ്ങളുടെ എല്ലാ ചെയ്തികളും ആഴത്തിൽ അറിഞ്ഞിട്ടുള്ള ന്യായാധിപനാണ്. നിങ്ങളുടെ ചെയ്തികളെ സംബന്ധിച്ച് ന്യായാധിപന്റെ തികഞ്ഞ ബോധ്യത്തിന്റെ അനിവാര്യതയാണ് നിങ്ങൾ ന്യായമായ രക്ഷാ ശിക്ഷകൾക്ക് വിധേയരാക്കപ്പെടുക എന്നത്.

അല്ലാമാ മുഹമ്മദ് മുതവല്ലി ശഅ്റാവി ഈ സൂക്തത്തിന് മറ്റൊരു വ്യാഖ്യാനമാണ് നൽകിയിട്ടുള്ളത്. അന്ത്യനാളിനെ വർണിക്കുന്നതിനിടയിൽ 86-ാം സൂക്തത്തിൽ അതിന്റെ സാധ്യതയെ സാക്ഷ്യപ്പെടുത്തുന്ന ചില പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുവല്ലോ. അതുപോലെ വീണ്ടും ഒരു ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കുകയാണിവിടെ. تمر എന്ന വാക്കിനെ ഭാവികാല ക്രിയാവചനം- مستقبل-ആയിട്ടല്ല, വർത്തമാന ക്രിയാ വചനം- حاضر-ആയിട്ടാണ് അദ്ദേഹം പരിഗണിക്കുന്നത്. അതായത് അന്ത്യനാളിലല്ല ഇപ്പോൾ തന്നെ മലകൾ മേഘങ്ങൾ പോലെ ചരിച്ചുകൊണ്ടിരിക്കുകയാണ്. സാരമിതാണ്: ഭൂമിയുടെ ആണികളെന്നോണം ഘനീഭവിച്ച് ഉറച്ചുനിൽക്കുന്നതായി നിങ്ങൾക്ക് തോന്നുന്ന പർവതങ്ങൾ യഥാർഥത്തിൽ മേഘങ്ങളെപ്പോലെ നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങുകയാണല്ലോ. അപ്പോൾ അതിലുള്ള മലകളും കറങ്ങുന്നു. കൂടാതെ ഭൂമി അതിന്റെ ഭ്രമണപഥത്തിൽ സൂര്യനു ചുറ്റും സഞ്ചരിക്കുന്നു. അങ്ങനെയും മലകൾ സഞ്ചരിക്കുന്നുണ്ട്. പക്ഷേ, നിങ്ങൾക്കത് അനുഭവപ്പെടുന്നില്ല. ഭൂമിയിലെ സൃഷ്ടികൾ ഒരു വാഹനത്തിനകത്തെ സഞ്ചാരികളെപ്പോലെയാണ്. സഞ്ചാരികളടക്കം വാഹനവും അതിനകത്തുള്ളതൊക്കെയും സഞ്ചരിക്കുകയാണ്. വാഹനത്തിലിരുന്ന് പുറത്തേക്ക് നോക്കിയാൽ പുറത്തുള്ള വൃക്ഷങ്ങളും കെട്ടിടങ്ങളും സഞ്ചരിക്കുന്നതായി തോന്നുന്നു. ഇതാണ് ഭൂമിയിൽനിന്നു നോക്കുമ്പോൾ നാം കാണുന്ന സൂര്യന്റെയും ചന്ദ്രന്റെയും സഞ്ചാരം. അവയുടെ യഥാർഥ സഞ്ചാരം നാം കാണുന്നില്ല. ഭൂമിയല്ല, സൂര്യചന്ദ്രന്മാരാണ് സഞ്ചരിക്കുന്നത് എന്നാണല്ലോ പൗരാണിക മനുഷ്യർ വിശ്വസിച്ചിരുന്നത്. സകല വസ്തുക്കളെയും അത്ഭുതകരമായ പൂർണതയോടെ സുഭദ്രമായി സൃഷ്ടിച്ച അല്ലാഹുവിന്റെ നിർമാണ വൈഭവമാണത്. ...صُنْعَ اللَّهِ എന്ന വാക്യം അല്ലാഹുവിങ്കൽനിന്നുള്ള ഔദാര്യ പ്രഘോഷണമാണ്. ഔദാര്യപ്രഘോഷണം പ്രസക്തമാകുന്നത് അന്ത്യനാളിലല്ല, മറിച്ച് നാം ഈ ലോകത്തു ജീവിക്കുമ്പോഴാണ്.

ഖുർആനിലെ മറ്റനേകം സൂക്തങ്ങൾ ബലപ്പെടുത്തുന്നതും ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളതും ആദ്യം പറഞ്ഞ വിശദീകരണമാകുന്നു. ■